**പതിനാലാം കേരള നിയമസഭ**
**അഞ്ചാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ **2907** — 10.05.2017 ൽ മറുപടിക്ക്

## *സർക്കാർ സ്ഥാപനങ്ങളുടെ വിവര സാങ്കേതിക സംവിധാനം മെച്ചപ്പെടുത്താൻ നടപടി*

| ചോദ്യം | | മറുപടി |
|---|---|---|
| **ശ്രീ. എം. ഉമ്മർ** | | **ശ്രീ. പിണറായി വിജയൻ (മുഖ്യമന്ത്രി)** |
| (എ) വ്യക്തമായ സർക്കാർ നിർദ്ദേശം ഉണ്ടായിരുന്നിട്ടും സർക്കാർ വകുപ്പുകളുടെയും പൊതുമേഖലാസ്ഥാപനങ്ങളുടെയും വെബ്സൈറ്റുകൾ അപ്ഡേറ്റ് ചെയ്യുന്നില്ല എന്ന വസ്തുത പരിശോധിച്ചിട്ടുണ്ടോ; | (എ) | ഉണ്ട്. സർക്കാർ വകുപ്പുകളുടെയും പൊതുമേഖലാ സ്ഥാപനങ്ങളുടെയും വെബ്സൈറ്റുകൾ കൃത്യമായി അപ്ഡേറ്റ് ചെയ്യുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുന്നതിന് വിവിധ വകുപ്പുകളുടെയും പൊതുമേഖലാസ്ഥാപനങ്ങളുടെയും മേധാവികൾക്ക് സർക്കാർ നിർദ്ദേശം നൽകിയിട്ടുണ്ട്. |
| (ബി) സെക്രട്ടേറിയറ്റ് ഒഴികെയുള്ള മറ്റ് ഗവൺമെന്റ് സ്ഥാപനങ്ങളിൽ പര്യാപ്തമായ രീതിയിലുള്ള സംവിധാനമല്ല നൽകിയിരിക്കുന്നത് എന്ന കാര്യം പരിശോധിച്ചിട്ടുണ്ടോ;<br>(സി) ഉണ്ടെങ്കിൽ പൊതുജനങ്ങൾക്ക് സേവനം കാര്യക്ഷമമായി നൽകുന്നതിന് മറ്റ് വകുപ്പുകളുടെ കൂടി സാങ്കേതിക സംവിധാനം മെച്ചപ്പെടുത്തുന്നതിന് നടപടികൾ സ്വീകരിക്കുമോ? | (ബി) & (സി) | സർക്കാർ സ്ഥാപനങ്ങളിലെ വിവരസാങ്കേതിക സംവിധാനങ്ങൾ പരിശോധിച്ച് മെച്ചപ്പെടുത്തുന്നതിനുള്ള നടപടികൾ അതാതു വകുപ്പുകൾ സ്വീകരിച്ചു വരുന്നു. പൊതുജനങ്ങൾക്ക് ഇന്റർനെറ്റ് സേവനം കുറഞ്ഞ ചെലവിൽ കാര്യക്ഷമമായി ലഭ്യമാക്കുന്നതിനുള്ള കേരള ഫൈബർ ഓപ്റ്റിക് നെറ്റ് വർക്ക് (കെ-ഫോൺ) പദ്ധതി ഈ വർഷത്തെ ബഡ്ജറ്റിൽ പ്രഖ്യാപിച്ചിട്ടുണ്ട്. സർക്കാർ സേവനങ്ങൾ കമ്പ്യൂട്ടർ, മൊബൈൽ എന്നിവ മുഖാന്തിരം സാധാരണക്കാർക്ക് കടമ്പകളില്ലാതെ ലഭ്യമാക്കാൻ ഇതു വഴി സാധിക്കും. സർക്കാർ വകുപ്പുകളുടെ വിവിധ തരം സേവനങ്ങൾ ഒരു കുടക്കീഴിൽ കൊണ്ടുവരിക എന്ന ഉദ്ദേശത്തോടെ രൂപീകരിക്കപ്പെട്ട എസ്.എസ്.ഡി.ജി (സ്റ്റേറ്റ് സർവ്വീസ് ഡെലിവറി ഗേറ്റ് വേ) പദ്ധതി പ്രകാരം എല്ലാ വകുപ്പുകളുടേയും സേവനങ്ങൾ കേരള സർക്കാർ ഔദ്യോഗിക വെബ്സൈറ്റിലൂടെയും ഏകീകൃത മൊബൈൽ ആപ്ലിക്കേഷനിലൂടെയും പൊതുജനങ്ങൾക്ക് ലഭ്യമാക്കുന്നതിന് നടപടികൾ |

സ്വീകരിച്ചു വരുന്നു. വിവിധ വകുപ്പുകളുടെ വെബ്സൈറ്റ് അഡ്രസ്സുകളും അതു സംബന്ധിച്ച ലോഗിൻ വിവരങ്ങളും ഓർത്തുവയ്ക്കുന്നതിനു പകരം പൊതുജനങ്ങൾക്ക് ഒരൊറ്റ വെബ്സൈറ്റിൽ ലോഗിൻ ചെയ്ത് എല്ലാ സർക്കാർ സേവനങ്ങളും ഉപയോഗപ്പെടുത്താൻ സാധിക്കും. എസ്.എസ്.ഡി.ജി ലോഗിൻ വിവരങ്ങൾ തന്നെ ഏകീകൃത മൊബൈൽ ആപ്ലിക്കേഷനിലും ഉപയോഗിക്കാൻ സാധിക്കും.

(signature)

സെക്ഷൻ ഓഫീസർ